"ഭരണഭാഷ - മാതൃഭാഷ"
Website: www.kwa.kerala.gov.in
Mobile/ Whatsapp: +919495998258

Tel. 0471-2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. KWA-JB/1116/2026-E1

തീയതി: 04-10-2026

**സർക്കുലർ**

**വിഷയം:** കേരള വാട്ടർ അതോറിറ്റി – പൊതു സ്ഥലംമാറ്റം 2026 – G-Spark-ൽ ജീവനക്കാരുടെ സർവീസ് രേഖകളും തസ്തികകളുടെ എണ്ണവും (Sanctioned Strength) അപ്ഡേറ്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ DDO-മാർക്ക് കർശനമായ അന്തിമ മുന്നറിയിപ്പ് നൽകുന്നത് സംബന്ധിച്ച്

**സൂചന :** 1. ഈ ഓഫീസിലെ 16/09/2026 ലെ സമാന നമ്പറിലുള്ള സർക്കുലർ
2. 20/09/2026 തീയതിയിലെ ഭേദഗതി ചെയ്തു കൊണ്ടുള്ള ഉത്തരവ്

കേരള വാട്ടർ അതോറിറ്റിയിലെ 2026 വർഷത്തെ പൊതു സ്ഥലംമാറ്റ നടപടികളുടെ ഭാഗമായി ജീവനക്കാരുടെ വ്യക്തിഗത പ്രൊഫൈലുകളും സർവീസ് രേഖകളും പരിശോധിച്ച് G-Spark-ൽ അപ്ഡേറ്റ് ചെയ്ത് ലോക്ക് ചെയ്യേണ്ട അവസാന തീയതി 26/09/2026 ആയി നിശ്ചയിച്ചിരുന്നതാണ്. എന്നാൽ പല ഓഫീസുകളിലെയും ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ (DDOs) ഈ നിർദ്ദേശം പൂർണ്ണമായും അവഗണിച്ച് കൃത്യസമയത്ത് നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ഇപ്പോൾ ഗൗരവമായി പരിശോധിച്ചതിൽ വ്യക്തമായിട്ടുള്ളതാണ്.

DDO-മാരുടെ ഈ ഗുരുതരമായ അശ്രദ്ധയും വീഴ്ചയും കാരണം നിരവധി ജീവനക്കാർക്ക് ഓൺലൈനായി സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ സാധിക്കാത്ത ദൗർഭാഗ്യകരമായ സാഹചര്യമാണ് നിലവിലുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാവുന്ന ഏതെങ്കിലും തരത്തിലുള്ള പരാതികൾക്കോ കോടതി കേസുകൾക്കോ (Court Cases) നിയമനടപടികൾക്കോ ജീവനക്കാരുടെ നഷ്ടങ്ങൾക്കോ ബന്ധപ്പെട്ട DDO-മാർ മാത്രമായിരിക്കും പൂർണ്ണമായും വ്യക്തിപരമായി ഉത്തരവാദികൾ.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന കർശന നിർദ്ദേശങ്ങൾ നൽകുന്നു:

1. വീഴ്ച വരുത്തിയ മുഴുവൻ DDO-മാരും അടിയന്തരമായി അതത് ഓഫീസുകളിലെ തസ്തികകളുടെ എണ്ണവും ജീവനക്കാരുടെ സർവീസ് ചരിത്രവും G-Spark-ൽ പരിശോധിച്ച് പൂർണ്ണമായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

2. ഇതിൽ വീഴ്ച വരുത്തുന്നതുമൂലം ജീവനക്കാരുടെ ഭാഗത്തുനിന്നും കോടതികളിലോ മറ്റ് ഫോറങ്ങളിലോ ഉണ്ടാകുന്ന ഏതൊരു നിയമനടപടികളുടെയും / കോടതി കേസുകളുടെയും പൂർണ്ണമായ ഉത്തരവാദിത്തവും ബാധ്യതയും ബന്ധപ്പെട്ട DDO-മാരുടെ മേൽ മാത്രമായിരിക്കുന്നതാണ്.

Scanned with OKEN Scanner

3. വീഴ്ച വരുത്തുന്ന DDO-മാർക്കെതിരെ മുൻകൂട്ടി അനുവാദമോ നോട്ടീസോ ഇല്ലാതെ കർശനമായ അച്ചടക്ക നടപടികൾ (Disciplinary Action) സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,
PREM KRISHNAN S. IAS
MANAGING DIRECTOR

സ്വീകർത്താവ് എല്ലാ DDO / ഓഫീസ് മേധാവികൾക്കും

പകർപ്പ് : ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് / PA to MD / PA to JMD / PA to TM / CA to CE (HRD&GL) / CA to CE(P&O) / CA to FM&CAO / CA to CLO / CA to DCE (GL) / CA to Secretary / DCE (vig) / CA to Sr. AO / AO (Estt) / AO (Payslip & Pension) / JS(Estt) / All section heads in Administration wing / G-Spark Team / All units in Head Office / ഫയൽ

Scanned with OKEN Scanner